29-10-2021

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -29/10/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ ചെയ്യാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും നവംമ്പർ 3 വരെ മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീട്ടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൗജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് 2 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ ഹാച്ചറിയിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ ഫാം ഓഫീസിൽ ബുക്ക് ചെയ്യണമെന്ന് അസിസ്റ്റൻ ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ ലിംഗനിർണ്ണയം നടത്താത്ത കോഴിക്കുഞ്ഞുങ്ങളെ 18 രൂപ നിരക്കിലാണ് ഫാമിൽ നിന്നും വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9645491459, 9447584870, 8590274132** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380** ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

6. വാഴപ്പള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കന്നുകാലികളിൽ കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ് നടത്താനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള ടീമുകൾ ഇനിയും എത്താത്ത വീടുകൾ ഉണ്ടെങ്കിൽ കർഷകർ തുരുത്തി മൃഗാശുപത്രിയിൽ വിവരം അറിയിക്കണമെന്നു വെറ്ററിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടികൾ

7. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **വനിതകൾക്കായി മുട്ടക്കോഴി – ഇറച്ചിക്കോഴി വളർത്തലിൽ പരിശീലനം നവംബർ 3** ബുധനാഴ്ച നടത്തുന്നതാണ്. രജിസ്ട്രേഷനായി പ്രവൃത്തി സമയങ്ങളിൽ **9539747217** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്റൂം പരിശീലന പരിപാടി നവംബർ **2,3** തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക്

പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശുദ്ധമായ പാലുൽപ്പാദനം** എന്ന വിഷയത്തിൽ **നവംബർ മാസം 2,3** തീയതികളിലായി രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **8075028868, 9947775978** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന; റബ്ബർബാൻഡ്, കൈയുറ, ഫോം റബ്ബർ, പശ, ബലൂൺ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **നവംബർ 08 മുതൽ 12 വരെ** നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 -2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം